## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *378** **12.05.2017- ൽ മറുപടിക്ക്**

## ബാലവേല നിയന്ത്രിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>,, പി.ബി. അബ്ദുൽ റസ്സാക്ക്<br>,, ടി. വി. ഇബ്രാഹിം : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ബാലവേല പൂർണമായ തോതിൽ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. . 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റൻറ് ലേബർ ആഫീസർ (ഗ്രേഡ്-II) മാരെയും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികളും ജില്ലാതല ടാസ്ക്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ,ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ 1986 ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010 മുതൽ 2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലവേലയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. കണ്ണൂർ ജില്ലയിൽ തലശ്ശേരി അസിസ്റ്റൻറ് ലേബർ ഓഫീസറുടെ അധികാര പരിധിയിൽ 2016 ആഗസ്റ്റ് മാസം ബാലവേലയുമായി ബന്ധപ്പെട്ട് ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി തൊഴിലുടമയ്ക്കെതിരെ ബാലവേല (നിരോധനം & നിയന്ത്രണം) നിയമപ്രകാരം പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| | മലപ്പുറം ജില്ലയിൽ 15.03.2017-ൽ ലേബർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ബാലവേല (നിരോധനം & നിയന്ത്രണം) നിയമം, 1986 പ്രകാരം പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്. |
| (സി) ഇതര സംസ്ഥാനക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ ബാലവേല വർദ്ധിച്ച് വരുന്നതായുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പരിശോധിച്ചിട്ടുണ്ട്. 2010 - 2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകളിൽ ഇതര സംസ്ഥാനക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ ബാലവേല കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ